# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

**കോഴിക്കോട്, എറണാകുളം ആർ.ഡി.ഡി. കളുടെ കീഴിൽ പുതുതായി ആരംഭിച്ച സ്കൂളുകൾ**

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1142 | 13.12.2012 -ൽ മറുപടിക്ക് |
|---|---|
| **ചോദ്യം** | **ഉത്തരം** |
| **ശ്രീ. കെ കുഞ്ഞമ്മത് മാസ്റ്റർ** | **ശ്രീ. പി.കെ. അബ്ദു റബ്ബ് , വിദ്യാഭ്യാസ വകുപ്പ് മന്ത്രി** |
| (എ) ഹയർ സെക്കണ്ടറി വിഭാഗത്തിൽ കോഴിക്കോട്, എറണാകുളം ആർ.ഡി.ഡി. കളുടെ കീഴിൽ പുതുതായി ആരംഭിച്ച സ്കൂളുകളിൽ എത്ര അധ്യാപക തസ്തികകൾ അനുവദിച്ചിട്ടുണ്ട്; | (എ) കോഴിക്കോട് ആർ.ഡി.ഡി. യുടെ കീഴിൽ 984 തസ്തികകളും, എറണാകുളം ആർ.ഡി.ഡി. യുടെ കീഴിൽ 629 തസ്തികകളും അനുവദിച്ചിട്ടുണ്ട്. |
| (ബി)ഇതിൽ എത്ര അധ്യാപകരുടെ നിയമനങ്ങൾ അംഗീകരിച്ച എന്നും എന്ന മുതൽക്കാണ് ഇവർക്ക് ശമ്പളവും നിയമനവും നൽകിയതെന്നും വ്യക്തമാക്കമോ; | (ബി) കോഴിക്കോട് ആർ.ഡി.ഡി യുടെ പരിധിയിൽ വരുന്ന സ്കൂളുകളിലെ 751 അദ്ധ്യാപക നിയമനങ്ങൾ അംഗീകരിച്ചിട്ടുണ്ട്. എറണാകുളം ആർ.ഡി.ഡി യുടെ പരിധിയിൽ വരുന്ന സ്കൂളുകളിലെ 545 അദ്ധ്യാപക നിയമനങ്ങൾ അംഗീകരിച്ചിട്ടുണ്ട്. നിയമന അംഗീകാരം നൽകിയതു മുതൽ ശമ്പളവും നൽകിതുടങ്ങി. |
| (സി)സ്ഥിര നിയമനം ലഭിച്ച അധ്യാപകർക്ക് അവധിക്കാല ശമ്പളം ലഭിക്കുന്നതിനുള്ള മാനദണ്ഡമെന്താണ്; ഇതു സംബന്ധിച്ച കെ.ഇ.ആർ. വ്യവസ്ഥ വ്യക്തമാക്കമോ; | (സി) കെ.ഇ.ആർ ചാപ്റ്റർ XIV A റൂൾ 49 പ്രകാരം താൽകാലിക തസ്തികയിൽ നിയമിക്കപ്പെടുന്നവർക്ക് 8 മാസം സേവനദൈർഘ്യം ഉണ്ടെങ്കിൽ മാത്രമേ അവധിക്കാല ശമ്പളത്തിന് അർഹതയുണ്ടാ വുകയുള്ളു. പുതുതായി അനുവദിച്ച തസ്തികകൾ ആദ്യത്തെ 3 വർഷങ്ങളിൽ താൽക്കാലിക തസ്തിക യായിട്ടാണ് കണക്കാക്കുക |

| | |
|---|---|
| (ഡി)കോഴിക്കോട് ആർ.ഡി.ഡി. യുടെ കീഴിൽ പുതുതായി നിയമനം ലഭിച്ച അധ്യാപകരിൽ അവധിക്കാല ശമ്പളം ലഭിച്ചവരുടെയും ലഭിക്കാത്തവരുടെയും കണക്കുകൾ വ്യക്തമാക്കാമോ; ഇതേ കാലയളവിൽ നിയമനം ലഭിച്ച സർക്കാർ സ്കൂളുകളിലേയും എറണാകുളം ആർ.ഡി.ഡി.യുടെ കീഴിലുള്ള സ്കൂളുകളിലേയും അധ്യാപകർക്ക് അവധിക്കാല ശമ്പളം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ വ്യത്യസ്ത നിലപാട് കോഴിക്കോട് ആർ.ഡി.ഡി.യിലെ അക്കൌണ്ട്സ് ഓഫീസർ സ്വീകരിച്ചതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;<br>(ഇ)അക്കൌണ്ട്സ് ഓഫീസർ പ്രസ്തുത അധ്യാപകർ കൈപ്പറ്റിയ അവധിക്കാല ശമ്പളം തിരിച്ചടക്കണമെന്ന് ഉത്തരവ് കൊടുക്കുകയോ അധ്യാപകരിൽ നിന്ന് എന്തെങ്കിലും എഴുതി വാങ്ങുകയോ ചെയ്തിട്ടുണ്ടോ;<br>(എഫ്)ഉണ്ടെങ്കിൽ കെ.ഇ.ആർ. റൂളിന് വിരുദ്ധമായി ഉത്തരവ് നൽകിയ ഉദ്യോഗസ്ഥന്റെ പേരിൽ നടപടി സ്വീകരിക്കുമോ? | കോഴിക്കോട് ആർ.ഡി.ഡി യുടെ കീഴിൽ അവധിക്കാല ശമ്പളം ലഭിച്ച പുതുതായി നിയമിച്ച അധ്യാപകരുടെ എണ്ണം 398- ഉം, അവധിക്കാല ശമ്പളം ലഭിക്കാത്തവരുടെ എണ്ണം 353-ഉം ആണ്.<br><br>കൂടുതൽ വിവരം ശേഖരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ